## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2555** **12.06.2018 -ൽ മറുപടിയ്ക്ക്**

### ക്രാഫ്റ്റ് വില്ലേജുകൾ

ചോദ്യം
ശ്രീ.എം. മുകേഷ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ആയതിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) & ബി) | തിരുവനന്തപുരം , കോഴിക്കോട് ജില്ലകളിൽ ടൂറിസം വകുപ്പ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിച്ചിട്ടുള്ളതുപോലെ മറ്റ് ജില്ലകളിലും ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി തിരുവനന്തപുരം , കോഴിക്കോട് ജില്ലകൾ ഒഴികെ മറ്റ് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലാകളക്ടറുടെ ഭൂമി ലഭ്യതാ വിവരം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| ബി) | കൊല്ലം നിയോജക മണ്ഡലത്തിൽ പനയം പഞ്ചായത്തിൽ പെരുമണിൽ സർക്കാർ ഉടമസ്ഥതയിൽ ലഭ്യമായിട്ടുള്ള 6 ഏക്കർ ഭൂമി കയർ പാർക്കിന് നൽകിയിരുന്നത്, കയർപാർക്കിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയുന്നതിന് എൻ.സി.ആർ.എം.ഐ അഭ്യർത്ഥിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുത്ത് നിർദ്ദിഷ്ട ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ